പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5339 15.11.2019-ലെ മറുപടിക്ക്

## കെ.എസ്. ആർ. ടി. സി.-യിൽ ആശ്രിത നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്. ആർ. ടി. സി.-യിൽ ആശ്രിത നിയമനം നടത്തുന്നതിനുള്ള മാന ദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് കെ.എസ്.ആർ.റ്റി.സി.യിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നടത്തുന്നത്.<br>24.05.1999-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 12/99/ഉ.ഭ.പ.വ,<br>18.11.1999-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 24/99/പി&എ.ആർ.ഡി,<br>07.06.2007-ലെ സർക്കാർ ഉത്തരവ്(പി) നമ്പർ 32/2007/പ്ലാനിംഗ്,<br>12.04.2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 14/10/ഉ.ഭ.പ.വ,<br>05.06.2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 28/10/പ്ലാനിംഗ്,<br>25.07.2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 23/15/ഉ.ഭ.പ.വ. |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണോ നാളിതുവരെയുള്ള ആശ്രിത നിയമനങ്ങൾ നടത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | അതെ.<br>കെ.എസ്.ആർ.ടി.സിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അടിസ്ഥാന പ്പെടുത്തിയാണ് നിയമനങ്ങൾ നടത്തുന്നത്. |
| (സി) | ഒരേ കേസിൽ രണ്ട് ആശ്രിതർക്ക് നിയമനങ്ങൾ നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; എന്ത് മാനദണ്ഡപ്രകാരം ആണ് അത്തരത്തിൽ നിയമനം നടത്തുന്നത്; വ്യക്തമാക്കുമോ; | (സി) | നൽകിയിട്ടുണ്ട്.<br>പെരുമ്പാവൂർ കെ.എസ്.ആർ.റ്റി.സി. വിജിലൻസ് സ്ക്വാഡിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പി. രാജീവിന്റെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു,റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കെ. എസ്. ആർ. ടി. സി.-യിൽ ഒരു ലക്ഷത്തിനും രണ്ടു ലക്ഷത്തിനും മുകളിൽ ശമ്പളം വാങ്ങുന്ന എത്ര ഉദ്യോഗസ്ഥർ ഉണ്ട്; ഓരോരുത്തരുടെയും ഡെസിഗ്നേഷൻ, നിയമനം (ആശ്രിതനിയമനം, നേരിട്ടുള്ള നിയമനം, ഡെപ്യൂട്ടേഷൻ) ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | കോർപ്പറേഷനിൽ ഒരു ലക്ഷത്തിന് മുകളിൽ ശമ്പളം വാങ്ങുന്നത് ആറ് (6) പേർ.<br>രണ്ട് ലക്ഷത്തിന് മുകളിൽ ശമ്പളം വാങ്ങുന്ന ആരുംതന്നെയില്ല. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആശ്രിത നിയമനങ്ങൾ പ്രൊമോഷനുകൾ ഇവ നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആശ്രിതനിയമനങ്ങൾ, പ്രൊമോഷനുകൾ എന്നിവ നൽകിയിട്ടില്ല. എന്നാൽ, പെരുമ്പാവൂർ കെ.എസ്.ആർ.റ്റി.സി. വിജിലൻസ് സ്ക്വാഡിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പി. രാജീവിന്റെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു, റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5339ന്റെ (ഡി) പിരിവിന്റെ അനുബന്ധം.</u>

| പേര് | ഡെസിഗ്നേഷൻ | നിയമനം | ശംമ്പളം |
|---|---|---|---|
| ശ്രീ. എം.പി ദിനേശ് | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ | കരാർ | 1,47,830/- |
| ശ്രീ.കെ.ബി.രവി സൂപ്രണ്ട് ഓഫ് പോലീസ് | എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) | ഡെപ്യൂട്ടേഷൻ | 1,19,540/- |
| ശ്രീമതി എസ്.ആനന്ദകുമാരി | ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) | കരാർ | 1,50,000/- |
| ശ്രീ ജി വേണുഗോപാൽ | ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്) | കരാർ | 1,00,000/- |
| ശ്രീ എം.റ്റി.സുകുമാരൻ | എക്സിക്യൂട്ടീവ് ഡയറക്ടർ (സെൻട്രൽ സോൺ) | പി.എസ്.സി | 1,03,967/- |
| ശ്രീമതി ആർ ഇന്ദു | ചീഫ് എൻജിനീയർ (പി&സി.ഡബ്ല്യു) | ആശ്രിത നിയമനം | 1,03,967/- |

സെക്ഷൻ ഓഫീസർ